**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1119** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചിറക്കൽ -പാറക്കടവ് പാലം നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോണി. കെ. ബേബി ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ നിർമ്മാണം പുരോഗമിക്കുന്ന ചിറക്കൽ-പാറക്കടവ് പാലത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാലത്തിന്റെ ഇരു കരകളിലും ഉള്ള ഫൗണ്ടേഷൻ, സബ് സ്ട്രക്ചർ, ഡെക്ക് സ്ലാബുകൾ, പുഴയിലെ രണ്ടു പിയർ പോയിന്റുകളിൽ ഒന്നിന്റെ ഫൗണ്ടേഷൻ, സബ് സ്ട്രക്ചർ എന്നിവയുടെ കോൺക്രീറ്റിങ് പൂർത്തീകരിച്ചിട്ടുണ്ട്. കോട്ടാങ്ങൽ കരയിലെ റിവർ പ്രൊട്ടക്ഷൻ പ്രവൃത്തികളും ഏകദേശം പൂർത്തിയായിട്ടുണ്ട്.

**(ബി)** പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

**<u>മറുപടി:</u>** കഴിഞ്ഞ രണ്ട് വർഷങ്ങളിലും വേനൽ മഴ ശക്തമായതിനെ തുടർന്ന് മാർച്ച് പകുതിയോടു കൂടി തന്നെ പുഴയിലെ ജലനിരപ്പ് ഉയർന്നത് മൂലം പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. പുഴയിലെ രണ്ടു പിയർ പോയിന്റുകളിൽ ഒന്നിൽ (P3) തുടർച്ചയായി പമ്പ് ചെയ്തിട്ടും ജലനിരപ്പ് താഴാത്തതിനാൽ ഫൗണ്ടേഷൻ പ്രവൃത്തികൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത സൈറ്റിനോട് അടുത്തുള്ള പുഴയിലെ ചെക്ക് ഡാമിന്റെ upstream side -ൽ മുൻ വർഷങ്ങളിൽ ഉണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലും മണൽ അടിഞ്ഞു കൂടിയതു മൂലം ഈ ഭാഗത്തെ വെള്ളം ഒഴുകി പോകാത്തതും ടി പിയർ പോയിന്റിൽ ഫൗണ്ടേഷൻ പ്രവൃത്തികൾ തുടങ്ങുവാൻ സാധിക്കുന്ന നിരപ്പിലേക്ക് വെള്ളം താഴാതെ നിൽക്കുന്നതിന് കാരണമാകുന്നുണ്ട്. ടി പിയർ പോയിന്റിലെ ഫൗണ്ടേഷൻ, സബ് സ്ട്രക്ചർ എന്നിവയുടെ പ്രവൃത്തികൾ കൂടി പൂർത്തീകരിച്ചാൽ മാത്രമേ പുഴയിലെ ആകെയുള്ള 3 span കളിൽ 2 span കളുടെ girder, deck slab എന്നിവയുടെ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. P3 ഫൗണ്ടേഷൻ നിർമ്മാണം സാധ്യമാക്കുന്നതിനായി KHRI യിൽ നിന്നും feasible methodology ലഭ്യമാക്കുന്നതിനു 24-09-2026 - ൽ കത്ത് നൽകിയിട്ടുണ്ട്.

**(സി)** ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഈ വേനൽക്കാലത്ത് പുഴയിലെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്ന വിധത്തിൽ ജലനിരപ്പ് താഴുകയാണെങ്കിൽ, P3 ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി 2027

ഡിസംബർ മാസത്തോടു കൂടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**